**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4212 | 19.10.2011-ലെ മറുപടിയ്ക്ക്

## സഹകരണസ്ഥാപനങ്ങളിലെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. സി.എൻ.ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| (എ) സഹകരണസ്ഥാപനങ്ങളിൽ ഒരു വർഷം ശരാശരി എത്ര ഉദ്യോഗസ്ഥരുടെ ഒഴിവുകൾ ഉണ്ടാകുന്നുണ്ട്; | (എ) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളിൽ ഒരു വർഷം ശരാശരി 1835 ഉദ്യോഗസ്ഥരുടെ ഒഴിവുകൾ ഉണ്ടാകുന്നുണ്ട്. |
| (ബി) ഈ ഒഴിവുകളിൽ നിയമനം നടത്തുന്നതിന് അനുവർത്തിച്ചു വരുന്ന മാനദണ്ഡം എന്താണ്; | (ബി) ഉദ്യോഗക്കയറ്റം മുഖേന നിയമിക്കേണ്ട ഒഴിവുകളിൽ യോഗ്യരായവരിൽ നിന്നു ഉദ്യോഗക്കയറ്റം മുഖേന നിയമനം നടത്തുന്നു. നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടിട്ടുള്ള ജില്ലാ സഹകരണ ബാങ്കുകളിലേയും അപ്പക്സ് സഹകരണ സ്ഥാപനങ്ങളിലേയും നേരിട്ട് നിയമനം നടത്തേണ്ട ഒഴിവുകളിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തുന്നു. പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റീസ്, അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്സ്, പ്രൈമറി അഗ്രികൾച്ചറൽ ആന്റ് റൂറൽ ഡെവലപ്മെന്റ് ബാങ്ക് എന്നീ സ്ഥാപനങ്ങളിലെ ജൂനിയർ ക്ലാർക്ക് മുതൽ മുകളിലുള്ള തസ്തികകളിലെ നേരിട്ടുള്ള നിയമനങ്ങൾ സഹകരണ |

സർവ്വീസ് എക്സാമിനേഷൻ ബോർഡ് മുഖേനയും. ബാക്കിയുള്ള ഒഴിവുകൾ സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശങ്ങൾക്ക് വിധേയമായി ബന്ധപ്പെട്ട ഭരണസമിതി നേരിട്ടുമാണ് നിയമനം നടത്തുന്നത്.

(സി) ഏതെല്ലാം തസ്തികകളിലെ നിയമനങ്ങളാണ് പി.എസ്.സി ക്ക് വിട്ടിട്ടുള്ളത് ?

(സി) പി.എസ്.സി.മുഖേന നിയമനം നടത്തുന്ന ജില്ലാ സഹകരണ ബാങ്ക്, കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷൻ, കേരളാ സ്റ്റേറ്റ് ഫെഡറേഷൻ ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്-ഷെഡ്യൂൾഡ് ട്രൈബ് ഡവലപ്മെന്റ് കോർപ്പറേഷൻ, കേരളാ സ്റ്റേറ്റ് ഹൗസിംഗ് ഫെഡറേഷൻ എന്നീ സ്ഥാപനങ്ങളുടെ റിക്രൂട്ട്മെന്റ് റൂൾസ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പി.എസ്.സി.യ്ക്ക് വിട്ടുകൊടുത്തിട്ടുള്ള തസ്തികകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

[signature]

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്